**മധുരമായ കുട്ടികളേ - ആദ്യമാദ്യം എല്ലാവർക്കും ബാബയുടെ ശരിയായ പരിചയം നൽകി ഗീതയുടെ ഭഗവാനെ തെളിയിക്കൂ, പിന്നീട് നിങ്ങളുടെ പേര് പ്രശസ്തമാകും.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ നാലു യുഗങ്ങളിൽ ചക്രം കറങ്ങിയിട്ടുണ്ട്, അതിന്റെ ആചാരങ്ങൾ ഭക്തിയിൽ നടന്നുകൊണ്ടിരിക്കുകയാണ്, അതേതാണ്?
**ഉത്തരം:-** നിങ്ങൾ നാലു യുഗങ്ങളിലും ചക്രം കറങ്ങി, അവർ പിന്നീട് ശാസ്ത്രങ്ങളും ചിത്രങ്ങളുമെല്ലാം വാഹനത്തിൽ വെച്ച് നാലു ഭാഗത്തും പ്രദക്ഷിണം ചെയ്യുന്നു, പിന്നീട് വീട്ടിലേയ്ക്ക് കൊണ്ടു വന്ന് ഉറക്കുന്നു. നിങ്ങൾ ബ്രാഹ്മണർ, ദേവത, ക്ഷത്രിയർ......... ആയി മാറുന്നു. ഈ ചക്രത്തിന് പകരമായാണ് അവർ പ്രദക്ഷിണം തുടങ്ങിയത്. ഇതും ആചാരമാണ്.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്, എപ്പോഴാണോ ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുന്നത് അപ്പോൾ ആദ്യം ഇത് ക്ലിയറാക്കി കൊടുക്കൂ, അച്ഛൻ ഒന്നാണ്. ചോദിക്കേണ്ട ആവശ്യമില്ല അച്ഛൻ ഒന്നാകുമോ അതോ ഒരുപാടുണ്ടോ. അങ്ങനെയാണെങ്കിൽ പിന്നീട് ഒരുപാടുണ്ടെന്ന് പറയും. പറയുകയും വേണം അച്ഛനാകുന്ന രചയിതാവ് ഗോഡ് ഫാദർ ഒന്നാണ്. ബാബ എല്ലാ ആത്മാക്കളുടെയും പിതാവാണ്. ആദ്യമാദ്യം ഇങ്ങനെയും പറയാൻ പാടില്ല, ബാബ ബിന്ദുവാണ്, ഇതിൽ പിന്നീട് സംശയിക്കും. ആദ്യമാദ്യം ഇത് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കൂ രണ്ടച്ഛന്മാരുണ്ട് -ലൗകികവും പാരലൗകികവും. ലൗകികമാണെങ്കിൽ ഓരോരുത്തർക്കുമുണ്ട്. പാരലൗകികത്തെ ചിലർ ഈശ്വരനെന്നും ചിലർ ഗോഡ് എന്നും പറയുന്നു. ഉള്ളത് ഒന്ന് തന്നെയാണ്. എല്ലാവരും ഒന്നിനെ തന്നെയാണ് ഓർമ്മിക്കുന്നത്. ആദ്യമാദ്യം ഇത് ഉറച്ച നിശ്ചയം ചെയ്യിപ്പിക്കൂ, അച്ഛനാണ് സ്വർഗ്ഗത്തിന്റെ രചന ചെയ്യുന്നയാൾ. അച്ഛൻ ഇവിടെ വരുന്നത് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാനാണ് അതിനെ ശിവജയന്തിയെന്നും പറയുന്നു. ഇതും നിങ്ങൾ കുട്ടികൾക്കറിയാം സ്വർഗ്ഗത്തിന്റെ രചയിതാവ് ഭാരതത്തിൽ തന്നെയാണ് സ്വർഗ്ഗം രചിക്കുന്നത്, എവിടെയാണോ ദേവീ ദേവതകളുടെ തന്നെ രാജ്യമുണ്ടായിരിക്കുക. അതിനാൽ ആദ്യമാദ്യം ബാബയുടെ തന്നെ പരിചയം നൽകണം. ബാബയുടെ പേരാണ് ശിവൻ. ഗീതയിൽ ഭഗവാനുവാചയെന്നുണ്ടല്ലോ. ആദ്യമാദ്യം ഇത് നിശ്ചയിപ്പിച്ച് എഴുതിപ്പിക്കണം ഗീതയിലുണ്ട് ഭഗവാന്റെ വാക്കുകളാണ് ..ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്. അർത്ഥം നരനിൽ നിന്ന് നാരായണനാക്കി മാറ്റുന്നു. ഇതാർക്കാണ് ആക്കി മാറ്റാൻ സാധിക്കുന്നത്? തീർച്ചയായും മനസ്സിലാക്കി കൊടുക്കുക തന്നെ വേണം. ഭഗവാൻ ആരാണ്, പിന്നീട് ഇതും മനസ്സിലാക്കി കൊടുക്കണം, സത്യയുഗത്തിൽ ആദ്യത്തെ നമ്പറിൽ ഏതൊരു ലക്ഷ്മീ നാരായണനാണുള്ളത്, തീർച്ചയായും അവർ തന്നെയായിരിക്കും 84 ജന്മങ്ങൾ എടുക്കുന്നുണ്ടായിരിക്കുക. പുറകിൽ പിന്നീട് ബാക്കി എല്ലാ ധർമ്മത്തിലുള്ളവരും വരും. അവരുടെത് ഇത്രയും ജന്മങ്ങൾ ഉണ്ടായിരിക്കാൻ സാധിക്കില്ല. ആദ്യം വരുന്നവരുടെ തന്നെയാണ് 84 ജന്മങ്ങൾ ഉണ്ടാവുന്നത്. സത്യയുഗത്തിലാണെങ്കിൽ ഒന്നും പഠിക്കുന്നില്ല. തീർച്ചയായും സംഗമത്തിൽ തന്നെയായിരിക്കും പഠിക്കുന്നുണ്ടായിരിക്കുക. അതിനാൽ ആദ്യമാദ്യം ബാബയുടെ പരിചയം നൽകണം. ഏതു പോലെയാണോ ആത്മാവിനെ കാണാൻ സാധിക്കാത്തത്, മനസ്സിലാക്കാൻ സാധിക്കുന്നത്, അതുപോലെ പരമാത്മാവിനെയും കാണാൻ സാധിക്കില്ല. ബുദ്ധികൊണ്ട് മനസ്സിലാക്കുന്നുണ്ട് ബാബ എല്ലാ ആത്മാക്കളുടെയും പിതാവാണ്, ബാബയെ പരം ആത്മാവെന്ന് പറയുന്നു. ബാബ സദാ പാവനമാണ്. ബാബയ്ക്ക് വന്ന് പതിതമായ ലോകത്തെ പാവനമാക്കി മാറ്റണം. അതിനാൽ ആദ്യം ബാബ ഒന്നാണ്, ഇത് തെളിയിച്ച് പറഞ്ഞുകൊടുക്കുന്നതിലൂടെ ഗീതയിലെ ഭഗവാൻ കൃഷ്ണനല്ല, അതുപോലും തെളിയിക്കപ്പെടും. നിങ്ങൾ കുട്ടികൾക്ക് തെളിയിച്ച് പറഞ്ഞുകൊടുക്കണം ഒരു ബാബയെ തന്നെയാണ് സത്യമെന്ന് പറയുന്നത്. ബാക്കി കർമ്മകാണ്ഡത്തിന്റെയും തീർത്ഥം മുതലായ കാര്യങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളിലാണുള്ളത്. ജ്ഞാനത്തിലാണെങ്കിൽ ഇതിന്റെ ഒരു വർണ്ണനയുമില്ല. ഇവിടെ ഒരു ശാസ്ത്രങ്ങളുമില്ല. ബാബ വന്ന് മുഴുവൻ രഹസ്യവും മനസ്സിലാക്കി തരുന്നു. ആദ്യമാദ്യം നിങ്ങൾ കുട്ടികൾ ഈ കാര്യത്തിൽ വിജയം പ്രാപ്തമാക്കും ഭഗവാൻ ഒരു നിരാകാരനാണ് അല്ലാതെ സാകാരനല്ല. പരംപിതാ പരമാത്മാ ശിവ ഭഗവാനുവാച, ജ്ഞാനത്തിന്റെ സാഗരനും എല്ലാവരുടെയും പിതാവ് അദ്ദേഹമാണ്. ശ്രീകൃഷ്ണൻ എല്ലാവരുടെയും അച്ഛനാകാൻ സാധിക്കില്ല. അവർക്കാരോടും പറയാൻ സാധിക്കില്ല ദൈവത്തിന്റെ എല്ലാ ധർമ്മത്തെയും ഉപേക്ഷിച്ച് എന്നെ ഓർമ്മിക്കൂ. വളരെ സഹജമായ കാര്യമാണ്. എന്നാൽ മനുഷ്യർ ശാസ്ത്രങ്ങൾ മുതലായവ പഠിച്ച് ഭക്തിയിൽ ഉറച്ചു പോയിരിക്കുന്നു. ഇന്നത്തെക്കാലത്ത് ശാസ്ത്രങ്ങൾ മുതലായവ വെച്ച് വണ്ടിയിൽ ചുറ്റിക്കറക്കുന്നു. ചിത്രങ്ങളെയും ഗ്രന്ഥങ്ങളെ പോലും ചുറ്റിക്കറക്കുന്നു. പിന്നീട് വീട്ടിലേയ്ക്ക് കൊണ്ടു വന്ന് ഉറക്കുന്നു. ഇപ്പോൾ

നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ദേവതയിൽ നിന്ന് ക്ഷത്രിയരും, വൈശ്യരും ശൂദ്രരും ആയി മാറുകയാണ്, ഈ ചക്രമാണ് കറങ്ങുന്നത്. ചക്രത്തിന് പകരം അവർ പിന്നീട് പ്രദക്ഷിണം ചെയ്ത് വീട്ടിൽ കൊണ്ടുവന്ന് വെയ്ക്കുന്നു. അവർക്ക് ഒരു പ്രത്യേക ദിവസമുണ്ടായിരിക്കും, അപ്പോഴാണ് ചുറ്റിക്കറക്കുന്നത്. അതിനാൽ ആദ്യമാദ്യം ഇത് തെളിയിച്ച് പറഞ്ഞുകൊടുക്കണം, ശ്രീകൃഷ്ണനാകുന്ന ഭഗവാന്റെ വാക്കുകളല്ല, ശിവഭഗവാന്റെ വാക്കുകകളാണ്. ശിവൻ തന്നെയാണ് പുനർജന്മ രഹിതൻ. ശിവൻ തീർച്ചയായും വരുന്നുണ്ട്. എന്നാൽ അത് ദിവ്യമായ ജന്മമാണ്. ഭാഗീരഥൻ വന്ന് സവാരി ചെയ്യുന്നു. പതിതരെ പാവനമാക്കി മാറ്റുന്നു. രചയിതാവിന്റെയും രചനയുടെയും ആദി-മധ്യ-അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കി തരുന്നു, ഏതൊരു ജ്ഞാനമാണോ മറ്റാർക്കും അറിയാത്തത്. ബാബയ്ക്ക് സ്വയം തന്നെ വന്ന് തന്റെ പരിചയം നൽകണം. മുഖ്യമായ കാര്യം തന്നെ ബാബയുടെ പരിചയത്തിന്റെയാണ്. ബാബ തന്നെയാണ് ഗീതയുടെ ഭഗവാൻ, ഇത് നിങ്ങൾ തെളിയിച്ച് പറയുകയാണെങ്കിൽ നിങ്ങളുടെ പേര് വളരെയധികം പ്രസിദ്ധമാകും അതിനാൽ ഇങ്ങനെയുള്ള നോട്ടീസുകൾ ഉണ്ടാക്കി അതിൽ ചിത്രങ്ങൾ മുതലായവ വെച്ച് പിന്നീട് വിമാനത്തിലൂടെ താഴെയ്ക്ക് വീഴ്ത്തണം. ബാബ മുഖ്യ-മുഖ്യമായ കാര്യങ്ങൾ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെത് മുഖ്യമായും ഒരു കാര്യത്തിൽ വിജയമുണ്ടായി എങ്കിൽ നിങ്ങൾ വിജയിച്ചു കഴിഞ്ഞു. ഇതിലൂടെ നിങ്ങളുടെ പേര് വളരെയധികം പ്രസിദ്ധമാകും. ഇതിലാരും എതിർപ്പ് നടത്തില്ല. ഇത് വളരെ ക്ലിയറായ കാര്യമാണ്. ബാബ പറയുന്നു എനിക്കെങ്ങനെ സർവ്വവ്യാപിയായി മാറാൻ സാധിക്കും. ഞാൻ വന്ന് കുട്ടികൾക്ക് ജ്ഞാനം കേൾപ്പിക്കുന്നു. വിളിക്കുന്നുപോലുമുണ്ട് വന്ന് പാവനമാക്കി മാറ്റൂ. രചയിതാവിന്റെയും രചനയുടെയും ജ്ഞാനം കേൾപ്പിക്കൂ. മഹിമയും ബാബയുടെ വേറെ കൃഷ്ണന്റെ വേറെയാണ്. ഇങ്ങനെയല്ല, ശിവബാബ വന്ന് പിന്നീട് കൃഷ്ണൻ അഥവാ നാരായണനായി മാറുകയാണ്, 84 ജന്മങ്ങളിലേയ്ക്ക് വരുന്നുണ്ട്! ഇല്ല. നിങ്ങളുടെ ബുദ്ധി മഴുവൻ ഈ കാര്യങ്ങളിൽ മനസ്സിലാക്കി കൊടുക്കുന്നതിൽ മുഴുകിയിരിക്കണം. മുഖ്യമായത് തന്നെ ഗീതയാണ്. ഭഗവാന്റെ വാക്കുകളാണ്, അപ്പോൾ തീർച്ചയായും ഭഗവാന് മുഖം വേണമല്ലോ. ഭഗവാനാണെങ്കിൽ നിരാകാരനാണ്. ആത്മാവ് മുഖമില്ലാതെങ്ങനെ പറയും. അപ്പോഴാണ് പറയുന്നത് ഞാൻ സാധാരണ ശരീരത്തിന്റെ ആധാരമെടുക്കുന്നു. കൃഷ്ണന്റെ ഒരുപാട് ജന്മങ്ങളുടെ അവസാനം വരുന്നു. ഇങ്ങനെയിങ്ങനെ വിചാരസാഗരമനനം ചെയ്യൂ. ആർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കണം. ഒരു കാര്യത്തിൽ തന്നെ നിങ്ങളുടെ പേര് പ്രശസ്തമാകും, രചയിതാവാകുന്ന ബാബയെ കുറിച്ച് എല്ലാവരും അറിയും. പിന്നീട് നിങ്ങളുടെയടുത്ത് ഒരുപാട് പേർ വരും. നിങ്ങളെ വിളിക്കും ഇവിടെ വന്ന് പ്രഭാഷണം ചെയ്യൂ. അതിനാൽ ആദ്യമാദ്യം അല്ലാഹുവിനെ തെളിയിച്ച് മനസ്സിലാക്കി കൊടുക്കൂ. നിങ്ങൾ കുട്ടികൾക്കറിയാം ബാബയിൽ നിന്ന് നമ്മൾ സ്വർഗ്ഗത്തിന്റെ സമ്പത്തെടുത്തുകൊണ്ടിരിക്കുന്നു. ബാബ ഓരോ 5000 വർഷത്തിന് ശേഷം ഭാരതത്തിൽ തന്നെയാണ് ഭാഗ്യശാലിയായ രഥത്തിൽ വരുന്നത്. ബ്രഹ്മാബാബയാണ് സൗഭാഗ്യശാലി, ഏത് രഥത്തിലാണോ ഭഗവാൻ വന്ന് ഇരിക്കുന്നത്. ചെറിയ കാര്യമാണോ. ഭവവാൻ ഇതിലിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു ഞാൻ ഒരുപാട് ജന്മങ്ങളുടെ അവസാനം ഇതിൽ പ്രവേശിക്കുന്നു. ശ്രീകൃഷ്ണന്റെ ആത്മാവിന്റെ രഥമല്ലേ. ബ്രഹ്മാബാബ സ്വയം കൃഷ്ണനൊന്നുമല്ല. ഒരുപാട് ജന്മങ്ങളുടെ അവസാനമാണ്. ഓരോ ജന്മത്തിലും സ്വഭാവം, കർത്തവ്യം മുതലായവ മാറികൊണ്ടേയിരിക്കുന്നു. ഒരുപാട് ജന്മങ്ങളുടെ അവസാനം ആരിലാണോ പ്രവേശിക്കുന്നത്, അവർ പിന്നീട് കൃഷ്ണനായി മാറുന്നു. വരുന്നത് സംഗമയുഗത്തിലാണ്. നമ്മളും ബാബയുടെതായി മാറി ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നു. ബാബ പഠിപ്പിച്ച് കൂടെ കൊണ്ടു പോകുന്നു. വേറൊരു ബുദ്ധിമുട്ടിന്റെയും കാര്യമില്ല. ബാബ വെറും ഇത്രയേ പറയുന്നുള്ളൂ എന്നെ ഓർമ്മിക്കൂ, അതിനാൽ ഇത് നല്ല രീതിയിൽ ചിന്തിക്കണം എങ്ങനെ എങ്ങനെ എഴുതാം. ഇത് തന്നെയാണ് മുഖ്യമായ തെറ്റ്. ഏതൊരു കാരണം കൊണ്ടാണോ ഭാരതം ധർമ്മ ഭ്രഷ്ടരും കർമ്മ ഭ്രഷ്ടരും, അപവിത്രവുമായി മാറിയത്. ബാബ പിന്നീട് വന്ന് രാജയോഗം പഠിപ്പിക്കുന്നു. ഭാരതത്തെ സാത്വികവും സമ്പന്നവുമാക്കി മാറ്റുന്നു. മുഴുവൻ ലോകത്തെ സാത്വികമാക്കി മാറ്റുന്നു. ആ സമയം മുഴുവൻ വിശ്വത്തിന്റെയും അധികാരി നിങ്ങൾ തന്നെയാണ്. പറയാറില്ലേ – ദീർഘായുസ്സും അഭിവൃദ്ധിയും നേരുന്നു എന്ന്. ബാബ സദാ ദീർഘായുസ്സുണ്ടാവട്ടെ എന്ന് ആശിർവാദം നൽകുന്നില്ല, ഈ സന്യാസിമാർ പറയുകയാണ് അമരന്മാരായിരിക്കൂ. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു അമരന്മാർ തീർച്ചയായും അമരപുരിയിലായിരിക്കും. മൃത്യു ലോകത്തിൽ പിന്നീട് എങ്ങനെ അമരന്മാരെന്ന് പറയും. കുട്ടികൾ മീറ്റിംഗ് മുതലായവ വെയ്ക്കുമ്പോൾ ബാബയോട് നിർദ്ദേശം ചോദിക്കുന്നു. ബാബ മുൻകൂട്ടി നിർദ്ദേശം നൽകുന്നു എല്ലാവരും അവരവരുടെ നിർദ്ദേശം എഴുതിയറിയിക്കൂ , ഒന്നിച്ചുമാവാം. നിർദ്ദേശം മുരളിയിലെഴുതുന്നതിലൂടെ എല്ലാവരുടെയടുത്തേയ്ക്കും എത്തിച്ചേരാൻ സാധിക്കും. രണ്ടായിരവും മുവായിരവും ചിലവ് ചുരുങ്ങും. ഈ 2000 കൊണ്ടോ 3000 കൊണ്ടോ രണ്ടോ മുന്നോ സെന്റർ തുറക്കാൻ സാധിക്കും. ഗ്രാമ ഗ്രാമങ്ങളിലേയ്ക്ക് ചിത്രങ്ങളെല്ലാമെടുത്ത് പോകണം.

നിങ്ങൾ കുട്ടികൾക്ക് കൂടുതൽ താല്പര്യം സൂക്ഷ്മവതനത്തിന്റെ കാര്യത്തിലുണ്ടാവാൻ പാടില്ല. ബ്രഹ്മാ

വിഷ്ണു, ശങ്കരന്റെയെല്ലാം ചിത്രങ്ങളുണ്ടെങ്കിൽ ഇതിൽ അല്പം മനസ്സിലാക്കി കൊടുക്കാം. ഇവരുടെത് ഇടയ്ക്ക് കുറച്ച് പാർട്ടുണ്ട്. നിങ്ങൾ പോകുന്നുണ്ട്, കണ്ടുമുട്ടുന്നുണ്ട് ബാക്കി വേറെ ഒന്നും തന്നെയില്ല. അതിനാൽ ഇതിൽ കൂടുതൽ താല്പര്യം കാണിക്കേണ്ടതില്ല. ഇവിടെ ആത്മാവിനെയാണ് വിളിക്കുന്നത്, അവരെ കാണിക്കുന്നു. ചിലർ വന്ന് കരയുന്നു, ചിലർ സ്നേഹത്തോടുകൂടി കാണുന്നു, ചിലർ ദു:ഖത്തിന്റെ കണ്ണുനീർ പൊഴിക്കുന്നു. ഇതെല്ലാം ഡ്രാമയിലെ പാർട്ടാണ്, ഇതിനെ ആശയവിനിമയമെന്ന് പറയാം. അവർ ബ്രാഹ്മണനിൽ ആരുടെയെങ്കിലും ആത്മാവിനെ വിളിക്കുന്നു. പിന്നീട് അവർക്ക് വസ്ത്രങ്ങളെല്ലാം അണിയിച്ചുകൊടുക്കുന്നു. ഇപ്പോൾ ശരീരമില്ലാതായി, ബാക്കി ധരിക്കുന്നതാരാണ്? നിങ്ങളുടെയടുത്ത് ആ ആചാരമില്ല. കരയുന്നതിന്റെയൊന്നും കാര്യമേ ഇല്ല. അതിനാൽ ഉയർന്നതിലും ഉയർന്നതായി മാറണം, അതെങ്ങനെ മാറാം. തീർച്ചയായും ഇടയിൽ സംഗമയുഗമുണ്ട് അപ്പോൾ പവിത്രമായി മാറുന്നു. നിങ്ങൾ ഒരു കാര്യം തെളിയിക്കുകയാണെങ്കിൽ പറയും ഇവർ വളരെ ശരിയാണ് പറയുന്നത്, ഭഗവാനെപ്പോഴെങ്കിലും അസത്യം പറയാൻ സാധിക്കുമോ. പിന്നീട് പലരും ഇഷ്ടപ്പെടും , ഒരുപാട് പേര് വരും. സമയമനുസരിച്ച് കുട്ടികൾക്ക് എല്ലാ പോയിന്റുകളും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവസാനം എന്തെല്ലാം സംഭവിക്കണം, അതും കാണും, യുദ്ധമുണ്ടാകും, ബോംബുകൾ വീഴും, ആദ്യം മരണം വിദേശത്താണ്. ഇവിടെയാണെങ്കിൽ രക്തത്തിന്റെ നദികളൊഴുകണം, പിന്നീടാണ് നെയ്യിന്റെയും പാലിന്റെയും നദി. ആദ്യമാദ്യം പുക വിദേശത്തു നിന്ന് വരും. പേടിയും അവിടെയാണ്. എത്ര വലിയ വലിയ ബോംബുകളാണ് ഉണ്ടാക്കുന്നത്. എന്തെല്ലാമാണ് അതിൽ ഇടുന്നത്, അത് തീർത്തും പട്ടണങ്ങളെ ഇല്ലാതാക്കുന്നു. ഇതും പറയണം, ആരാണ് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം സ്ഥാപിച്ചത്, സ്വർഗ്ഗസ്ഥനായ പിതാവ് തീർച്ചയായും സംഗമത്തിൽ തന്നെയാണ് വരുന്നത്. നിങ്ങൾക്കറിയാം ഇപ്പോൾ സംഗമമാണ്. നിങ്ങൾക്ക് മുഖ്യമായ കാര്യം മനസ്സിലാക്കി തരുകയാണ് ബാബയുടെ ഓർമ്മയുടെ, ഏതിലൂടെ മാത്രമാണോ പാപങ്ങൾ ഇല്ലാതാകുന്നത്. ഭഗവാനെപ്പോഴാണോ വന്നിരുന്നത് അപ്പോൾ പറഞ്ഞിരുന്നു എന്നെ ഓർമ്മിക്കൂ, എന്നാൽ നിങ്ങൾ സതോപ്രധാനമായി മാറും, മുക്തിധാമത്തിലേയ്ക്ക് പോകും. പിന്നീട് ആദ്യം മുതൽ ചക്രം ആവർത്തിക്കപ്പെടും. പവിത്രമായ ധർമ്മം, ഇസ്ലാം ധർമ്മം, ബുദ്ധ ധർമ്മം......... നിങ്ങൾ വിദ്യാർത്ഥികളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവും ഉണ്ടായിരിക്കണമല്ലോ. സന്തോഷമുണ്ടാകുന്നു, നമ്മളെത്രയാണ് സമ്പാദിക്കുന്നത്. ഈ അമരകഥ അമരനായ ബാബയാണ് നിങ്ങൾക്ക് കേൾപ്പിച്ചു തരുന്നത്. നിങ്ങൾക്ക് ഒരുപാട് പേരുകൾ വെച്ചിട്ടുണ്ട്, മുഖ്യമായത് ആദ്യമാദ്യം പവിത്രമായ ധർമ്മം പിന്നീട് എല്ലാവരുടെയും അഭിവൃദ്ധി ഉണ്ടായി ഉണ്ടായി വൃക്ഷം വലുതായി കൊണ്ടിരിക്കുന്നു. ഒരുപാടധികം ധർമ്മങ്ങൾ ഒരുപാട് മതങ്ങളാകുന്നു. ഈ ഒരു ധർമ്മം ഒരു ശ്രീമത്തിലൂടെയാണ് സ്ഥാപിക്കപ്പെടുന്നത്, രണ്ടാമത്തെതിന്റെ കാര്യമില്ല. ഈ ആത്മീയ ജ്ഞാനം ആത്മീയ അച്ഛനാണിരുന്ന് മനസ്സിലാക്കി തരുന്നത്. നിങ്ങൾ കുട്ടികൾക്ക് സന്തോഷത്തിലുമിരിക്കണം.

നിങ്ങൾക്കറിയാം ബാബ നമ്മേ പഠിപ്പിക്കുകയാണ്, നിങ്ങൾ അനുഭവം കൊണ്ട് പറയുന്നു അതിനാൽ ഈ ശുദ്ധ അഹങ്കാരമുണ്ടായിരിക്കണം ഭഗവാൻ നമ്മേ പഠിപ്പിക്കുകയാണ് വേറെന്താണ് വേണ്ടത്! എപ്പോൾ നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നോ അപ്പോൾ എന്തുകൊണ്ട് സന്തോഷമുണ്ടായിരിക്കുന്നില്ല, അഥവാ നിശ്ചയത്തിൽ എവിടെയോ സംശയമുണ്ട്. ബാബയിൽ സംശയിക്കരുത്. മായ സംശയത്തിൽ കൊണ്ട് വന്ന് മറപ്പിക്കും. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് മായ കണ്ണുകളിലൂടെ ഒരുപാട് ചതിക്കും. നല്ല വസ്തു കണ്ടാൽ പിന്നെ ഹൃദയം ആഗ്രഹിച്ചുകൊണ്ടേയിരിക്കും കഴിക്കാം, കണ്ണുകളിലൂടെ കാണുമ്പോൾ ക്രോധം വരുന്നു വധിക്കുന്നതിന് വേണ്ടി. കാണുന്നതേയില്ലായെങ്കിൽ എങ്ങനെ വധിക്കും. കണ്ണുകളിലൂടെ കാണുമ്പോഴാണ് ലോഭവും മോഹവുമുണ്ടാകുന്നത്. മുഖ്യമായും ചതിക്കുന്നത് കണ്ണുകളാണ്. ഇതിൽ പൂർണ്ണമായ ശ്രദ്ധ വെയ്ക്കണം. ആത്മാവിന് ജ്ഞാനം ലഭിക്കുകയാണ്, അപ്പോൾ പിന്നെ ആ ക്രിമിനൽ ചിന്ത ഇല്ലാതാവുകയാണ്. കണ്ണുകളേ എടുത്തുകളയണം എന്നല്ല. നിങ്ങൾക്ക് ക്രിമിനലായ കണ്ണുകളെ സിവിൽ ദൃഷ്ടിയാക്കി മാറ്റണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം

1) സദാ ഈ ലഹരിയിൽ അഥവാ സന്തോഷത്തിലിരിക്കണം നമ്മേ ഭഗവാനാണ് പഠിപ്പിക്കുന്നത്. ഒരു കാര്യത്തിലും സംശയ ബുദ്ധികളായി മാററുത്. ശുദ്ധമായ അഹങ്കാരം വെയ്ക്കണം. സൂക്ഷ്മ വതന ത്തിന്റെ കാര്യങ്ങളിൽ കൂടുതൽ താല്പര്യം വെയ്ക്കരുത്.

2) ആത്മാവിനെ സതോപ്രധാനമാക്കി മാറ്റാനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. പരസ്പരം നിർദ്ദേ ശമെടുത്ത് എല്ലാവർക്കും ബാബയുടെ ശരിയായ പരിചയം നൽകണം.

## വരദാനം – പാസ് വിത് ഓണർ ആകുന്നതിനു വേണ്ടി ഗതി തീവ്രവും ബ്രേക്ക് ശക്തിശാ ലിയുമാക്കി വെക്കുന്ന യഥാർഥ യോഗിയായി ഭവിക്കട്ടെ.

വർത്തമാനസമയമനുസരിച്ച് പുരുഷാർഥത്തിന്റെ ഗതി തീവ്രവും ബ്രേക്ക് ശക്തിശാലിയുമാകണം, അ പ്പോൾ അന്തിമത്തിൽ പാസ് വിത് ഓണർ ആകാൻ കഴിയും.എന്തെന്നാൽ ആ സമയത്തെ പരിതസ്ഥിതി കൾ ബുദ്ധിയിൽ അനേക സങ്കൽപങ്ങൾ കൊണ്ടുവരുന്നതായിരിക്കും, ആ സമയത്ത് എല്ലാ സങ്കൽപ ങ്ങൾക്കും ഉപരി ഒരു സങ്കൽപത്തിൽ സ്ഥിതി ചെയ്യുന്നതിനുള്ള അഭ്യാസം വേണം. ഏതു സമയത്താണോ വിസ്താരത്തിൽ അലയുന്ന ബുദ്ധി ആ സമയത്ത് സ്റ്റോപ് ചെയ്യുവാനുള്ള അഭ്യാസം വേണം. സ്റ്റോപ് ചെയ്യുക, ആകുക. എത്ര സമയം വേണമോ അത്രയും സമയം ബുദ്ധിയെ ഒരു സങ്കൽപത്തിൽ സ്ഥിതി ചെയ്യിച്ചോളൂ– ഇതാണ് യഥാർഥ യോഗം.

## സ്ലോഗൻ– താങ്കൾ അനുസരണയുള്ള സേവകനാണ്, അതിനാൽ അലസരാകാൻ കഴി യുകയില്ല. സേവകൻ അർത്ഥം സദാ സേവനത്തിനായി ഉപസ്ഥിതം.

**അവ്യക്ത സൂചനകൾ– സങ്കൽപങ്ങളുടെ ശക്തിയി ശേഖരിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ**
ഇഞ്ചക്ഷനിലൂടെ രക്തത്തിൽ ശക്തി നിറയ്ക്കുന്നതു പോലെ ഇങ്ങനെ താങ്കളുടെ ശ്രേഷ്ഠ സങ്കൽപം ഇ ഞ്ചക്ഷന്റെ ജോലി ചെയ്യും. സങ്കൽപത്തിലൂടെ സങ്കൽപത്തിൽ ശക്തി വരട്ടെ– ഇപ്പോൾ ഈ സേവനം വളരെ ആവശ്യമാണ്. സ്വയത്തിന്റെ സുരക്ഷയ്ക്കു വേണ്ടി ശുഭവും ശ്രേഷ്ഠസങ്കൽപങ്ങളുടെയും ശ ക്തിയും നിർഭയതയുടെ ശക്തിയും ശേഖരിക്കൂ, അപ്പോഴേ അന്തിമ മംഗളവും പരിധിയില്ലാത്തതുമായ കാര്യത്തിൽ സഹയോഗിയായി പരിധിയില്ലാത്ത വിശ്വത്തിന്റെ രാജ്യാധികാരിയാകാൻ കഴിയൂ..